# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 811 — 13/06/2012 - ൽ മറുപടിക്ക്.

## വടകര - മാഹി കനാൽ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാന ജലപാതയുടെ ഭാഗമായ വടകര - മാഹി കനാലിന്റെ നിർമ്മാണത്തിനുള്ള സ്ഥല മെടുപ്പ് ഏത് വർഷമാണ് പൂർത്തിയാക്കിയത് ; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ; | : | എ) 1974 - ൽ ഏകദേശം 305 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. |
| ബി) നിർദ്ദിഷ്ട കനാൽ എത്ര നീളത്തിലും വീതിയി ലുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ ആഴം എത്രയാണെന്ന് വ്യക്തമാക്കുമോ ; | : | ബി) 32 മീ. വീതിയിലും 17.61 കി.മീ. നീളത്തിലും താഴ്ന്ന ജലനിരപ്പിൽ നിന്നും 1.70 മീ. ആഴത്തിലുമാണ് കനാൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) നിർദ്ദിഷ്ട ജലപാത നിർമ്മിക്കുമ്പോൾ റോഡ് ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിന് എത്രപാല ങ്ങൾ നിർമ്മിക്കുന്നുണ്ട് ; അവ എവിടെ യെല്ലാമാണ് ; | : | സി) 10 പാലങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. അവ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br>1) മുഴിക്കൽ<br>2) കുമുള്ളി<br>3) കോട്ടപ്പള്ളി<br>4) നരിക്കോത്തുതാഴെ<br>5) തച്ചോളിത്താഴെ<br>6) പറഡിൽ<br>7) കല്ലേരി<br>8) വെണ്ടൊളി<br>9) കളിയാംപള്ളി<br>10) തയ്യിൽ |
| ഡി) ജലപാതാ നിർമ്മാണം വൈകിയതിന്റെ കാരണമെന്താണ് ; ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വ്യക്ത മാക്കുമോ ? | : | ഡി) NABARD - RIDF - XVII ന്റെ ധനസഹായ ത്താടെ 3 കി.മീ. കനാൽ നിർമ്മിക്കുന്നതിന് വേണ്ടി 23 കോടി രൂപയുടെ ഭരണാനുമതി 18/01/2012 - ലെ സർക്കാർ ഉത്തരവ് (സാധാ) നം.01/2012/ സി.എസ്.ഐ.എൻ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിന്റെ സാങ്കേതിക അനുമതിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Sham

സെക്ഷൻ ഓഫീസർ